**പതിമൂന്നാം കേരള നിയമസഭ എട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-575**
**19/03/2013 ലെ മറുപടിക്ക്**

**നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീമതി.ജമീലാ പ്രകാശം<br>ശ്രീ.മാത്യു.റ്റി.തോമസ്<br>ശ്രീ.സി.കെ.നാണു | ശ്രീ.കെ.എം.മാണി<br>(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |

| | | |
|---|---|---|
| (എ) | നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ എത്ര കോടി രൂപയ്ക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്? | 2012-13 വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ഇതിനകം 409.25 കോടി രൂപയ്ക്കുള്ള 515 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അനുമതി ധനവകുപ്പിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ട് ഇതിൽ 350 ഓളം പ്രവൃത്തികൾക്ക് ഇതിനകം ഭരണവകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കണക്ക് വ്യക്തമാക്കാമോ? | അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2013 മാർച്ച് 31 ന് മുൻപ് ചെലവഴിക്കപ്പെടാത്ത തുക അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ? | 2013 മാർച്ച് 31 വരെ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾ അടുത്ത സാമ്പത്തിക വർഷവും തുടരാവുന്നതാണ്. |
| (ഡി) | ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എം.എൽ.എ മാർ നിർദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ | മറ്റ് മരാമത്ത് പ്രവൃത്തികൾക്ക് ബാധകമായ സമയക്രമം നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികൾക്കും ബാധകമാണ്. ഇത്തരം പ്രവൃത്തികൾ സമയബന്ധിതമായി നടത്തപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പും ധനകാര്യ വകുപ്പും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**